# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **1867** | 01.02.2018 ൽ മറുപടി നൽകേണ്ടത്

## പി.എസ്.സി. നടപടികളിലെ കാലതാമസം

| ചോദ്യം<br>ശ്രീ.കെ.ബി.ഗണേഷ് കുമാർ | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| എ) പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന എഴുത്തുപരീക്ഷ, അഭിമുഖം, റാങ്ക് പട്ടിക പ്രസിദ്ധീകരിക്കൽ തുടങ്ങിയ നടപടികളുടെ പൂർത്തീകരണത്തിന് വളരെയധികം കാലതാമസമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ബി) എങ്കിൽ ഇത് പരിഹരിക്കുവാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | എ)<br>&<br>ബി) | കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ ലഭ്യമായ മാനവവിഭവശേഷി പരമാവധി പ്രയോജനപ്പെടുത്തി ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയുക്തമാക്കി ഏറ്റവും വേഗത്തിൽ കൃത്യതയോടെയും പരാതിക്ക് ഇട നൽകാതെയും വിജ്ഞാപനം പുറപ്പെടുവിക്കുന്നതു മുതൽ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതു വരെയുള്ള പ്രവർത്തനങ്ങൾ കൈക്കൊണ്ട് വരുന്നുണ്ട്. ചില തസ്തികകളുടെ തെരഞ്ഞെടുപ്പ് ചട്ടങ്ങളിൽ അവ്യക്തത നിലനിൽക്കുന്ന സാഹചര്യത്തിലും കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്ന അവസരങ്ങളിലുമൊഴികെ മറ്റ് അവസരങ്ങളിൽ തെരഞ്ഞെടുപ്പ് നടപടി ക്രമങ്ങൾ വേഗത്തിൽ പൂർത്തിയാക്കാറുണ്ട്.<br><br>കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വജ്ര ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 2016 വരെയുള്ള കുടിശ്ശിക തീർക്കുന്നതിലേക്കായി കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ